**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - അസിസ്റ്റന്റ് എഞ്ചിനീയർ മരണമടഞ്ഞ കെ. ശ്രീധരന്റെ മകൻ ശ്രീ.ജിഷ്ണു.എസ്.എസ് ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 1318/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.05.2018

---

പരാമർശം:- 1. 18.05.2004 ലെ 6678/ഉപ.സി2/2004/ഉഭപവ നമ്പർ സർക്കാർ സർക്കുലർ.

2 ശ്രീ.ജിഷ്ണു.എസ്.എസ് സമർപ്പിച്ച 02.05.2016, 30.08.2017 ലെ അപേക്ഷകൾ.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.09.2016, 20.01.2017 എന്നീ തീയതികളിലെ ഇ 2/5834/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

4 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.07.2017 ലെ എസ്6-101262/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മരണമടഞ്ഞ കെ. ശ്രീധരന്റെ മകൻ ശ്രീ.ജിഷ്ണു.എസ്.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അസി. എഞ്ചിനീയർ തസ്തികയിലെ ആശ്രിതനിയമനത്തിന് 02.05.2016 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന്, ആശ്രിതനിയമനം സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III , ക്ലാസ് IV തസ്തികകളിൽ പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ അസി.എഞ്ചിനീയർ തസ്തികയിലേക്കുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കനാർഹമല്ലാതത്തിനാൽ, ടിയാൻ ഓവർസീയർ ഗ്രേഡ് III തസ്തികയിലെ നിയമനത്തിന് 30.08.2017 ന് പുതിയ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. എന്നാൽ, പിതാവിന്റെ മരണസമയത്ത് (19.05.2013) ശ്രീ.ജിഷ്ണു മേജറായതിനാൽ ടിയാന് ആശ്രിതനിയമനത്തിനുള്ള അപേക്ഷ 18.05.2015 ന് മുമ്പ് തന്നെ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ടിയാൻ അപേക്ഷ സമർപ്പിക്കുന്നതിന് 11 മാസവും 13 ദിവസത്തേയും കാലതാമസം വരുത്തിയിട്ടുണ്ട് . ടിയാൻ 27.02.2016 ന് ബി.ടെക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതിനാൽ നിർദ്ദിഷ്ട സമയപരിധിയായ 18.05.2015 ന് മുമ്പ് അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചില്ല എന്ന് ഇക്കാര്യത്തിൽ ടിയാൻ വിശദീകരണം സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ.ജിഷ്ണു.എസ്.എസ്- ന്റെ മേൽ വിശദീകരണം കണക്കിലെടുത്ത് ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ആശ്രിതനിയമനത്തിന് ടിയാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിലെ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1 ശ്രീ.ജിഷ്ണു.എസ്.എസ്, ടി.സി 13/255(1), മടത്തുവിളാക്കത്ത് വീട്, പാറ്റൂർ, പേട്ട. പി.ഒ, തിരുവനന്തപുരം- 695024.
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 ജില്ലാ കളക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ